[Hon'ble Mr. T. M. Varghese.]

ഇവിടെയുള്ള ബഹു: മെമ്പറന്മാരെല്ലാവരും ഇക്കാര്യം പ്രത്യേകം മനസിലാക്കി ജനതാമദ്ധ്യത്തിൽ വല്ല തെറ്റിദ്ധാരണയുമുണ്ടെങ്കിൽ അതു നീക്കി ക്കളയുന്നതിനു ശ്രമിക്കേണ്ടതാണ്. ഞാൻ ഗ്രണ്ടോഷിക്കുകയാണെന്നു ധരിക്കരുതു്. അതു എന്റെ ഒരു അപേക്ഷയാണു, ഉന്നതസ്ഥാനങ്ങൾ അലങ്കരിക്കുന്നവരും സ്വാധീനശക്തി യുള്ളവരുമായ ബഹു. മെമ്പറന്മാർ പ്രസ്താവനകൾ കൊണ്ടും പ്രവർത്തനങ്ങൾകൊണ്ടും മറ്റെല്ലാവിധത്തിലും വല്ല തെറ്റിദ്ധാരണയും ജനങ്ങൾക്കുണ്ടെങ്കിൽ അതു് തീർക്കുകയാണ് വേണ്ടതു്. അല്ലാതെ ജനങ്ങളുടെ ഇടയിൽ അസമാധാനവും തെറ്റിദ്ധാരണകളും ഇളക്കിവിടുന്ന പ്രസ്താവനകളും വിമർശനങ്ങളും നടത്തരുതെന്നൊരപേക്ഷയുണ്ട്. എന്റെ അപേക്ഷ നിങ്ങൾ സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. നാം ഒരുമിച്ചുപോയാലെ വിദ്യാഭ്യാസം ശരിയായവിധത്തിൽ നടത്താൻ സാധിക്കുകയുള്ളു. സത്യസന്ധതയോടും ആത്മാർത്ഥതയോടും നാം മുമ്പോട്ടുപോയാൽ നമ്മുടെ മാർഗ്ഗം സുഗമമായിരിക്കും. നിഷ്പക്ഷമായ ഉറച്ചവഴികളിൽ കൂടി നടക്കാതെ നാം ഒരുമിച്ചു നേർവഴികളിൽ കൂടി മുമ്പോട്ടു പോയാൽ ജാതിവ്യത്യാസവും മതവ്യത്യാസവും കക്ഷിവ്യത്യാസവും കൂടാതെതന്നെ നമുക്കു് നാം ഉദ്ദേശിക്കുന്ന രീതിയിൽ എത്തിച്ചേരാൻ സാധിക്കും. ആത്മാർത്ഥതയോടു് കൂടി ഗവണ്മെൻറിനെക്കൊണ്ടു് പ്രവൃത്തിപ്പിക്കാൻ അധികാരവും അവകാശവുമുള്ള ഈ സഭ അതിന്റെ അധികാരങ്ങളും അവകാശങ്ങളും ശരിയായി മനസ്സിലാക്കി അവയെ ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ അതു് രാജ്യത്തോടു ചെയ്യുന്ന അക്ഷന്തവ്യമായ ഒരപരാധമായിരിക്കുമെന്നു ഓർമ്മിപ്പിച്ചുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

The question that a sum of Rs. 1,93,59,97- be granted under Demand XIII Education was put and carried.

The demand was passed.

DEMAND No. XIV.

HON'BLE MR. K. M. KURAH : യുദ്ധാനന്തരപുനസ്സംവിധാന പദ്ധതി ഉൾപ്പെടെയുള്ള കൃഷിക്കായി ൨ കോടി, ൪൯ ലക്ഷം, ൬൦ രൂപായുടെ ധനാഭ്യർത്ഥന സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

64180

MR P. NANOO : ആഗ്രികൾച്ചറൽ ഡിപ്പാർട്ട്മെൻറിലേക്കുള്ള ഡിമാൻഡ് നമ്പർ 10 രൂപയിൽനിന്നും ഒരു രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. സർ, നെൽക്കൃഷി വർദ്ധിപ്പിക്കുന്നതിന് ഉപദ്രവകരമായിരിക്കുന്ന ചില കാര്യങ്ങളെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നാണ് ഞാൻ ഈ ഉപക്ഷേപംകൊണ്ടുദ്ദേശിക്കുന്നത്. സമയം വളരെ പരിമിതമാകയാൽ അതിൽ പ്രധാനമായ ചില കാര്യങ്ങൾ മാത്രം ഞാൻ ഇവിടെ പ്രസ്താവിക്കാം. നിലം കൃഷിക്കാക്ക് അടുത്തുള്ള പുരയിടം ഉടമസ്ഥന്മാരിൽ നിന്നും ഉണ്ടാകുന്ന ഉപദ്രവങ്ങളെപ്പറ്റിയാണ് ഞാൻ ആദ്യമായി പറയാമെന്നു വിചാരിക്കുന്നത്. നിലങ്ങൾക്ക് അടുത്തുള്ള പുരയിടങ്ങളിൽ നിൽക്കുന്ന ചോലവൃക്ഷങ്ങൾ നെൽകൃഷിക്ക് ക്രമത്തിലധികം ദോഷം ചെയ്യുന്നു. സാധാരണയായി നിലങ്ങൾക്കരികിൽ പുരയിടമുടമസ്ഥൻ നട്ടുവളർത്തുന്ന പുന്ന, മാവ്, പ്ലാവ്, പുളി മുതലായ വൃക്ഷങ്ങളുടെ ചോല ഈ സംസ്ഥാനത്തുള്ള നിലങ്ങളുടെ എട്ടിലൊരു ഭാഗമെങ്കിലും കൃഷിക്കുപയോഗമില്ലാത്തതാക്കിത്തീർക്കുന്നുണ്ട്. ഇതിൽനിന്നു രക്ഷപ്പെടാൻ കൃഷിക്കാരന് യാതൊരു മാർഗ്ഗവും ഇല്ലാതെയാണിരിക്കുന്നത്. പുരയിടം ഉടമസ്ഥന്മാരോട് നിലം കൃഷിക്കാരൻ അപേക്ഷിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമുണ്ടാകാറില്ല. നേരേമറിച്ച് അവർ ഈ ചോലവൃക്ഷങ്ങൾ കൂടുതൽ ദിനംപ്രതി എന്നവണ്ണം നട്ടുപിടിപ്പിച്ചുകൊണ്ടുമിരിക്കുന്നു. ഈ മരങ്ങളെ നേരിട്ടു വെട്ടിമുറിക്കുന്നതിനോ, അല്ലെങ്കിൽ പുരയിട ഉടമസ്ഥനെകൊണ്ട് മുറിപ്പിക്കുന്നതിനോ പുതിയതായി ചോലമരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനെ തടയുന്നതിനോ കൃഷിക്കാരനെ സഹായിക്കുന്നയാതൊരു നിയമവും ഇപ്പോൾ ഇല്ലാതെയാണിരിക്കുന്നത്. വിളവു വർദ്ധിപ്പിക്കണമെന്ന് ഗവണ്മെൻറിന് അത്യാഗ്രഹമുള്ളപക്ഷം ഈ ചോലവൃക്ഷങ്ങളിൽ നിന്നും നിലങ്ങളെ രക്ഷിക്കുന്നതിന് കൃഷിക്കാരെ സഹായിക്കുന്ന ഒരു നിയമം ഉണ്ടാക്കേണ്ടതു ഏറ്റവും അത്യാവശ്യമാണ്. ഇപ്പോൾ കൃഷിക്ക് നാശംചെയ്യുന്ന ചോലമരങ്ങൾ മുഴുവൻ (കായ്ഫലം തെങ്ങൊഴിച്ച്) മുറിച്ചുമാറ്റുന്നതിനും മേലാൽ നിലത്തിൻെറ വരമ്പിൽ നിന്നു 40 അടി അകലത്തിൽ മാത്രമേ വൃക്ഷങ്ങൾ നടാവൂ എന്ന് പുരയിടം ഉടമസ്ഥന്മാരെ നിർബന്ധിക്കുന്നതിനും നിയമങ്ങൾ വേണം. ഇങ്ങനെ ചെയ്യുന്നപക്ഷം ഇപ്പോഴുള്ളതിൻെറ എട്ടിലൊന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Nanoo.]

സ്ഥലം ക്രമേ ക്രമേണ തരിശായി നെൽക്കൃഷിക്ക് ഉപയോഗപ്പെടുത്തുവാൻ വയ്യാതാണ്. അതിപ്രധാനമായ ഈ സംഗതിയിൽ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. അടുത്തതായി എനിക്ക് പറയുവാനുള്ളത് കരയ്ക്കു നിന്നും ഒലിപ്പുപാഞ്ഞ് കൃഷിയ്ക്ക് നാശം ചെയ്യുകൊണ്ടിരിക്കുന്നതിനെക്കുറിച്ചാണ്. നിലം ഉടമസ്ഥന്മാർക്ക് അവർക്ക് അവകാശമില്ലാത്ത പുരയിടങ്ങളിൽ കയറി ഒലിപ്പിനെ തടയുന്നതിന് നിവൃത്തിയില്ല. പുരയിടം ഉടമസ്ഥന്മാർ അതു തടയുകയുമില്ല. അവരെക്കൊണ്ടു തടയിക്കുന്നതിന് ഇപ്പോൾ നിയമങ്ങളുമില്ല. നിലങ്ങളുടെ അടുത്തായി ചില സ്ഥലങ്ങളിൽ കരത്തോട്ടം മറ്റു പുറമ്പോക്കു സ്ഥലങ്ങളുമുണ്ട്. ഈ പുറംപോക്കുസ്ഥലങ്ങളേയും തോട്ടിനേയും അടുത്തുള്ള പുരയിടം ഉടമസ്ഥർ ആക്രമിച്ച് കൈവശപ്പെടുത്തി അവരുടെ ആവശ്യങ്ങൾക്കു ഉപയോഗിക്കുന്നതാണ് പതിവ്. തോട്ടുള്ള സ്ഥലങ്ങളിൽ എവിടെ ചെന്നു നോക്കിയാലും ഈ തോട്ടുകരം ചേര ഇഴയുന്നതുപോലെ വളഞ്ഞു പുളഞ്ഞു പോകുന്നതു കാണാം ന്യായരഹിതമായ പ്രവേശനകരംകൊണ്ടു വെള്ളം നേരെ ഒഴുകിപ്പോകുന്നില്ല പുരയിടം ഉടമസ്ഥന്മാർ തോട്ടം തോട്ടുപുറമ്പോക്കും അപഹരിച്ചെടുക്കുന്നതിന്റെ ഫലമാണിതു്. സെറ്റിൽമെൻറ് അനുസരിച്ച് റിക്കാർട്ടിൽ കാണുന്നതു് മുഴുവനും ഇന്നു എവിടെയെങ്കിലും തോട്ടം തോട്ടുപുറമ്പോക്കുമായി കാണുമോ എന്നു സംശയമാണ്. ഇങ്ങനെ തോട്ടംതോട്ടുപുറംമ്പോക്കുംക്രമേണ കരകൃഷിക്കാരും നിലമുടമസ്ഥന്മാർതന്നെയും അപഹരിച്ചെടുത്തു് വൃക്ഷങ്ങളും നട്ടുപിടിപ്പിക്കുന്നതുകൊണ്ടും, ചോലകൊണ്ടും, ഒലിപ്പുകൊണ്ടും കൃഷിക്കു വളരെ വലിയ നാശങ്ങളുണ്ടാകുന്നു. ഇതിനൊരു നിവാരണം ഉണ്ടാക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. (ബെൽ)

MR. PRESIDENT : ഡിമാൻഡുകൾ വോട്ടുചെയ്യുന്നതിനുള്ള സമയം കഴിഞ്ഞിരിക്കുന്നു. അതിനാൽ ബാക്കിയുള്ള ഡിമാൻറുകൾ എല്ലാം പഴയപടി വായിച്ചു പാസ്സാക്കുന്നതാണ്.

The question that a sum of Rs. 21,49,77 be granted under Demand XIV Agriculture including postwar Reconstruction Schemes was put and carried.

The demand was passed.

LIBRARY ARCHIVES Kerala Legislative Assembly